# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 1905

05/10/2016-ൽ മറുപടിയ്ക്ക്

## പൊതുസ്ഥലങ്ങളിൽ അപകടാവസ്ഥയിൽ നിൽക്കുന്ന വൃക്ഷങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. രാമചന്ദ്രൻ | ശ്രീ. അഡ്വ: കെ. രാജു (വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) വനവത്കരണത്തിന്റെ ഭാഗമായി എ് നട്ടുവളർത്തിയ വൃക്ഷങ്ങൾ അപകടകരമായ രീതിയിൽ പൊതുസ്ഥലങ്ങളിൽ നിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവയുടെ ശിഖരങ്ങൾ മുറിച്ച് അപകടാവസ്ഥ ഒഴിവാക്കുന്നതിനും വൃക്ഷങ്ങളെ സംരക്ഷിക്കുന്നതിനും പദ്ധതിയുണ്ടോ;വിശദമാക്കാമോ; | സംസ്ഥാനത്തെ വിവിധ വകുപ്പുകളുടെ ചുമതലയിൽ, സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ നിൽക്കുന്ന മരങ്ങൾ ജീവനും സ്വത്തിനും അപകടമുണ്ടാക്കാൻ സാദ്ധ്യതയുണ്ടെങ്കിൽ അവയുടെ ശിഖരങ്ങൾ മുറിച്ചോ പൂർണ്ണമായി വെട്ടിമാറ്റിയോ അപകടാവസ്ഥ ഒഴിവാക്കുന്നതിനുള്ള അനുമതിയ്ക്കായി അതാത് വകുപ്പ് അധികൃതർ അതാത് ജില്ലാ സോഷ്യൽ ഫോറസ്ട്രി, ഡിവിഷൻ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർക്ക് അപേക്ഷ നൽകേണ്ടതാണ്. അപ്രകാരം ലഭിക്കുന്ന അപേക്ഷകൾ 10.02.2010-ലെ സർക്കാർ ഉത്തരവ് (സാധ) നമ്പർ 68/2010/വനം, 21.04.2010-ലെ സ:ഉ:(സാധ) നമ്പർ 172/2010/വനം എന്നിവ പ്രകാരം ജില്ലാ സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ കൺവീനറായി രൂപീകൃതമായിട്ടുള്ള 'വൃക്ഷകമ്മിറ്റി', കാലതാമസം വരുത്താതെ പരിശോധിച്ച്, അനിവാര്യമായ സാഹചര്യത്തിൽ മുറിച്ച് മാറ്റാനും അല്ലാത്ത പക്ഷം ശിഖരങ്ങൾ കോതാനുമുള്ള അനുമതി, വിലനിർണ്ണയ പത്രിക സഹിതം, നൽകുന്നുണ്ട്. |
| ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തുന്നതിനുള്ള പദ്ധതി രൂപീകരിക്കുമോ; വിശദീകരിക്കാമോ ? | ബി) ഇക്കാര്യം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ